# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി9)1063/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി9)1063/22 തീയ്യതി: 08/08/2022

## എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 07-06-2022 | 15-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-06-2022 | 15-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസിയ ബീവി ജെ,ഓഡിറ്റ് ഓഫീസർ,
ശ്രീ ധീരജ് ജെ,ഓഡിറ്റ് ഓഫീസർ,
ശ്രീ ഹരീഷ് ബാബു എൻ,അസി.ഓഡിറ്റ് ഓഫീസർ,
ശ്രീമതി കവിത എസ് കണ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ മുഹമ്മദ് ഷാഫി വി എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോയ്സ് മാമ്പിള്ളിൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| അഡ്വ.അന്നമ്മ ആൻഡ്രൂസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ബിന്ദു ആർ | സെക്രട്ടറി | 01-04-2020 | 01-03-2021 |
| ശ്രീമതി ബിനി പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിനി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ഗായത്രി എം എൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ അഖിലാ രാജ് ആർ ജെ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി കസ്തൂർബായി | ഹെഡ്മിസ്ട്രസ്സ്,ഗവ.എൽ.പി.എസ്,ആലപുരം | 01-04-2020 | 31-03-2021 |
| ശ്രീമതി മീര നമ്പൂതിരി | വി.ഇ.ഒ(മുത്തോലപുരം) | 01-04-2020 | 31-03-2021 |
| ശ്രീ രാജേഷ് ടി | വി.ഇ.ഒ(ഇലഞ്ഞി) | 01-04-2020 | 31-03-2021 |
| ശ്രീമതി റോസിലി തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-05-2020 |
| ശ്രീ രതീഷ് രവീന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-06-2020 | 30-06-2020 |
| ശ്രീമതി ബിന്ദു കെ സി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-07-2020 | 31-03-2021 |
| ഡോ ബീന പ്രദീപ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| മോഹൻദാസ് കെ എം | | | |
| ഡോ സുമയ്യ കെ എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി സുജാത എസ് എൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ ജെയിംസ് ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 09-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 09-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Kavitha S Kannan (Senior Grade Auditor, On 10-06-2022)<br>Last Updated By: Bindu L (Computer Assistant, On 02-08-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 09-06-2022)<br>Last Updated By: Bindu L (Computer Assistant, On 02-08-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Kavitha S Kannan (Senior Grade Auditor, On 09-06-2022)<br>Last Updated By: Bindu L (Computer Assistant, On 02-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 10-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 09-06-2022)<br>Last Updated By: Bindu L (Computer Assistant, On 02-08-2022) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Kavitha S Kannan (Senior Grade Auditor, On 10-06-2022)<br>Last Updated By: Bindu L (Computer Assistant, On 02-08-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 09-06-2022)<br>Last Updated By: Bindu L (Computer Assistant, On 02-08-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Muhammed Shafi V M (Auditor, On 15-06-2022)<br>Last Updated By: Bindu L (Computer Assistant, On 02-08-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Hareesh Babu .N (Asst. Audit Officer, On 15-06-2022)<br>Last Updated By: Bindu L (Computer Assistant, On 02-08-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 09-06-2022)<br>Last Updated By: Bindu L (Computer Assistant, On 02-08-2022) | 1-10 |
| 12 | കെട്ടിട വാടക - പൂർണ്ണമായി പിരിച്ചിട്ടില്ല<br>Written By: Muhammed Shafi V M (Auditor, On 16-06-2022)<br>Last Updated By: Bindu L (Computer Assistant, On 02-08-2022) | 1-11 |
| 13 | തൊഴിൽ നികുതി<br>Written By: Muhammed Shafi V M (Auditor, On 15-06-2022)<br>Last Updated By: Bindu L (Computer Assistant, On 02-08-2022) | 1-12 |
| 14 | കുരുമല ടൂറിസം പദ്ധതി<br>Written By: Muhammed Shafi V M (Auditor, On 16-06-2022)<br>Last Updated By: Bindu L (Computer Assistant, On 02-08-2022) | 1-13 |
| 15 | തരിശ് നിലകൃഷി - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ<br>Written By: Dheeraj J (Audit Officer, On 16-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-14 |
| 16 | നെൽകൃഷി വികസനം പദ്ധതി - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ<br>Written By: Dheeraj J (Audit Officer, On 16-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-15 |
| 17 | ആയുർവ്വേദ ആശുപത്രിയിലേക്ക് പ്രസവരക്ഷ മരുന്ന് വാങ്ങൽ - മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചത് ക്രമപ്രകാരമല്ല | 1-16 |

| | | |
|---|---|---|
| | Written By: Dheeraj J (Audit Officer, On 16-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | |
| 18 | വയോജനങ്ങൾക്ക് ആയുർവ്വേദ മരുന്ന് വാങ്ങൽ പദ്ധതി -മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ അപാകതകൾ<br>Written By: Dheeraj J (Audit Officer, On 16-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-17 |
| 19 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല<br>Written By: Muhammed Shafi V M (Auditor, On 14-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-18 |
| 20 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-എസ്.സി (വനിത)-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Ressiya Beevi J (Audit Officer, On 15-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-19 |
| 21 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചതിന്റെ വിവരം<br>Written By: Muhammed Shafi V M (Auditor, On 15-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 09-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 09-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 09-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Kavitha S Kannan (Senior Grade Auditor, On 09-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം.<br>Written By: Kavitha S Kannan (Senior Grade Auditor, On 10-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 10-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kavitha S Kannan (Senior Grade Auditor, On 10-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Kavitha S Kannan (Senior Grade Auditor, On 10-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 09-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 10-06-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: Bindu L (Computer Assistant, On 08-08-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 09-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 18.03.2020 തീരുമാനം (1) പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയുണ്ടായി. തുടർന്ന് 12.02.2021 ൽ 24-ാം തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 117821262 | 48882408 |
| ചെലവ് | 115776770 | 46817380 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 14.05.2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ

വാർഷികകണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് എൻക്വയറി നൽകിയിരുന്നു (നം-7/13.06.22). ആയതിന് ലഭ്യമായ മറുപടി കൂടി പരിഗണിച്ചുള്ള പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) അങ്കണവാടികളിൽ നെയിംബോർഡ് സ്ഥാപിക്കുവാൻ ലഭ്യമായ കേന്ദ്രഫണ്ട് (48000/-രൂ) 320100199ാം നമ്പർ ഹെഡിൽ (B4 ഷെഡ്യൂൾ) ബാധ്യതയായുണ്ട്. ആയതിൽ 37600/-രൂപ 2021-22 വർഷം വിനിയോഗിച്ചുവെന്നും ബാക്കി 10400/- രൂപയുടെ കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി കൂടി തീരുമാനമെടുക്കുന്നതാണെന്നും അറിയിച്ചു.

2) വിമുക്തി പദ്ധതിയ്ക്കായി ലഭ്യമായ ഫണ്ട് (28000/- രൂ-320300199-B4 ഷെഡ്യൂൾ) കോവിഡ് നിയന്ത്രണങ്ങൾ കാരണമാണ് വിനിയോഗിക്കുവാൻ കഴിയാതിരുന്നതെന്നും എക്സൈസ് വകുപ്പുമായി ആലോചിച്ച് ആയത് തുടർ വർഷം വിനിയോഗിക്കുന്നതാണെന്നും അറിയിച്ചു.

3) തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭ്യമായ തുക (5275/-രൂ) ഏത് ഹെഡിലാണ് വരവ് വച്ചതെന്ന് വ്യക്തമാക്കുവാനാവശ്യപ്പെട്ടതിന് പ്രയർ പീരിഡ് ലൈസൻസ് ഫീസ് എന്ന ഹെഡിലാണെന്ന് മറുപടി നൽകി. റിക്കവറി ഇനത്തിൽ ലഭ്യമാകുന്ന തുക ബന്ധപ്പെട്ട ഹെഡിൽ തന്നെ വരവ് വയ്ക്കേണ്ടതാണ്.

4) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം-62 (എഫ്). അടുത്ത സാമ്പത്തിക വർഷം മുതൽ വാർഷികകണക്കുകളിൽ കുറിപ്പുകൾ ഉൾപ്പെടുത്തുന്നതാണെന്നറിയിച്ചു.

5) ബയോഗ്യാസ് പദ്ധതിയ്ക്കായി വർഷം ലഭ്യമായ ജില്ല പഞ്ചായത്ത് വിഹിതം (153925/-രൂ-ഹെഡ്-320700105) നാളിതുവരെ ചെലവഴിക്കപ്പെട്ടിട്ടില്ല. ചെലവഴിക്കാനാകുന്നില്ലെങ്കിൽ ആയത് ജില്ലാപഞ്ചായത്തിന് മടക്കി നൽകി ബാധ്യതയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

6) വിവാഹ ധനസഹായമായി വിതരണം ചെയ്തിട്ടുള്ള 60,000/- രൂപ (@30,00x2) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബാധ്യത ഹെഡിൽ അവശേഷിക്കുന്ന വിവിധോദ്ദേശ്യ ഗ്രാന്റ് തുകകൾ വിനിയോഗിക്കുവാൻ കഴിയുന്നില്ലെങ്കിൽ തിരികെ അടവാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 9978930.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 48882408.00 |
| ആകെ | | 58861338.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 46817380.00 |
| നീക്കിയിരിപ്പ് | | 12043958.00 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് /ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 10456876 | 10456876 | 9019545 | 1437331 |
| വികസനഫണ്ട്-എസ്.സി.പി | 0 | 1677118 | 1677118 | 1496924 | 180194 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 27000 | 27000 | 0 | 27000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -Untied | 0 | 8892573 | 8892573 | 5333587 | 3558986 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പെർഫോമൻസ് ഗ്രാന്റ്) | 0 | 4510000 | 4510000 | 64934 | 4445066 |
| മെയിന്റനൻസ്, റോഡ് | 0 | 6797000 | 6797000 | 6797000 | 0 |
| മെയിന്റനൻസ് -റോഡിതരം | 0 | 3456681 | 3456681 | 3456681 | 0 |
| പ്രത്യേക ഗ്രാന്റുകൾ (കുരുമല ടൂറിസം) | 0 | 757794 | 757794 | 757794 | 0 |
| ഐ.സി.ഡി.എസ് | 1041732 | 407044 | 1448776 | 1100000 | 348776 |
| ശുചിത്വമിഷൻ | 0 | 1615066 | 1615066 | 180000 | 1435066 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 839682 | 0 | 839682 | 566882 | 272800 |
| വിമുക്തി (320300199) | 28000 | 88599 | 116599 | 88599 | 28000 |
| മറ്റ് കേന്ദ്രഗ്രാന്റ് (അങ്കണവാടികൾക്ക് ബോർഡ്) (320100199) | 0 | 48000 | 48000 | 0 | 48000 |

*ജി.ഒ പ്രോജക്ട്-1139624/-രൂ

1)179/21-193/21:@ 219412*2=438824/-രൂ

(ലൈഫ് ലോൺ തിരിച്ചടവ്)

2)156/21-178/21-192/21:@233600*3=700800/-രൂ

(അങ്കണവാടിജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുക)

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 10456876 | 9019545 | 1437331 | 14% |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 1677118 | 1496924 | 180194 | 11% |
| വികസന ഫണ്ട് (ടി.എസ്.പി) | 27000 | 0 | 27000 | 100% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 6797000 | 6797000 | 0 | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3456681 | 3456681 | 0 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 8892573 | 5333587 | 3558986 | 40% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 4510000 | 64934 | 4445066 | 98% |

2020-21 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം പഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ മെയിന്റനൻസ് ഫണ്ട് മാത്രമാണ് കാര്യക്ഷമമായും പൂർണമായും വിനിയോഗിച്ചിട്ടുള്ളത്. ടി.എസ്.പി ഫണ്ട് പൂർണമായി ലാപ്സായപ്പോൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) 98 ശതമാനവും ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) 40 ശതമാനവും ലാപ്സായി. വികസനഫണ്ടിന്റെ ചെലവ് ശതമാനവും വളരെ കുറവാണെന്ന് കാണാം. ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ പദ്ധതി ആസൂത്രണവേളയിൽ തന്നെ കൈക്കൊള്ളേണ്ടതാണ്. അതുപോലെ കേന്ദ്രധനകാര്യ കമ്മീഷൻ തുകകളും മാർഗ്ഗരേഖകൾ പാലിച്ച് നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 54879455 | 115 | 33506565 | 15 | 6 | 84.56 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1906 | 1139240 | 1141146 | 1132155 | 8991 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 23285341 | 23285341 | 23285341 | 0 |
| ആകെ | 1906 | 24424581 | 24426487 | 24417496 | 8991 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 120 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 4261300 | 265 |
| വിധവാപെൻഷൻ | 7872100 | 520 |
| വാർദ്ധക്യകാലപെൻഷൻ | 18725000 | 1293 |
| വികലാംഗപെൻഷൻ | 2802000 | 235 |
| വിവാഹധനസഹായം | 60000 | 2 |

| | | |
|---|---|---|
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 803600 | 51 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.06.2022 ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2418/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. 31.10.2017ലെ സർക്കാർ ഉത്തരവ് നമ്പർ 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി ആന്റ് ഒ ലൈസൻസ് ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷം പ്രസ്തുത ഉത്തരവനുസരിച്ചുള്ള ഭേദഗതി വരുത്തിയിട്ടില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

4. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകാത്തതിനാൽ ആയത് കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2021 | ഒക്ടോബർ 2020 മുതൽ ഡിസംബർ 2021 | 28.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.06.2009 മുതൽ 06.07.2009 വരെ | 2004- 05 മുതൽ 2008-09 വരെ | 14.08.2009 |

## 1-11 കെട്ടിട വാടക - പൂർണ്ണമായി പിരിച്ചിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് വാടകക്ക് നൽകിയ കെട്ടിടങ്ങളുടെ വാടക പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. കെട്ടിട വാടക കുടിശ്ശികയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നം. | വാടകക്കെടുത്ത വ്യക്തിയുടെ പേര് | മാസ വാടക (GST, സെസ്സ് കൂടാതെ) | വാടക കുടിശ്ശിക (GST, സെസ്സ് കൂടാതെ) |
|---|---|---|---|---|
| 1 | 11/72 | ഷെറിൻ പോൾ | 882 | 9408 |
| 2 | 6/323B | മെഴ്സി പൊന്നപ്പൻ | 2432 | 25941 |
| 3 | 11/59A | വാസു, കിടങ്ങേരിൽ | 2400 | 25600 |

| ആകെ | 60949 |
|---|---|

മേൽ പരാമർശിച്ചവരിൽ നിന്ന് വാടക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-6, തീ. 12.06.22) മേൽ പറഞ്ഞവരിൽ നിന്നും വാടക ഈടാക്കുന്നതിനായി ഓൺലൈൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന മറുപടി ലഭിച്ചു. വാടക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2020-2021 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 1/20-21 | വി സി മാത്യൂ | ഇടയൻ അഗ്രിഗേറ്റ്സ് | 9 |
| 2 | 49/20-21 | അജീഷ് മാത്യൂ പീറ്റർ | തോട്ടം ഫ്യൂവൽസ് | 8 |
| 3 | 62/20-21 | പി യു വർഗീസ് | സെന്റ് മേരീസ് ബ്രിക്സ് | 5 |
| 4 | 63/20-21 | സജി ഇ കെ | ഇ കെ ഏജൻസീസ് | 5 |
| 5 | 65/20-21 | എ വി സണ്ണി | അരിക്കാട്ടേൽ ബ്രിക്സ് | 3 |
| 6 | 69/20-21 | സജീവ് എബ്രഹാം | ഗാലക്സി അലുമിനിയം ഇൻഡസ്ട്രീസ് | 40 |
| 7 | 71/20-21 | സുസ്മിത രാജേന്ദ്രൻ | ബെലിന്റ സോഫാസ് | 5 |
| 8 | 119/20-21 | ബിന്ദു സജി | കുട്ടതൊട്ടിയിൽ തടിമില്ല് | 3 |

മേൽ പരാമർശിച്ചിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/ 12.06.2022) ടി സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കുരുമല ടൂറിസം പദ്ധതി

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലാണ് കുരുമലയിൽ ഡി.ടി.പി.സി.യുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ടൂറിസം പദ്ധതി. 06.03.2013 ലെ GO (Rt) 1753/2013/TSM പ്രകാരം ഡി.ടി.പി.സി കുരുമലയിൽ ടൂറിസം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ധാരാളം വിനോദസഞ്ചാരികൾ എത്തുന്ന കുരുമല വ്യൂ പോയിന്റിൽ 20 രൂപ പ്രവേശന ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. 1961 ലെ കേരള പ്രാദേശികാധികാര വിനോദ നികുതി നിയമം പ്രകാരം നിയമപരമായി ഡി.ടി.പി.സി. ഗ്രാമപഞ്ചായത്തിൽ തുക അടവാക്കേണ്ടതുണ്ട്. വിനോദ നികുതിയിനത്തിൽ ലഭിക്കേണ്ട തുക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-9, 14.06.22) മറുപടി ലഭിച്ചു. ആകെ വരുമാനത്തിൽ നിന്ന് ചെലവുകൾ കുറച്ച് ബാക്കി വരുന്ന തുകയുടെ 20% പഞ്ചായത്തിന് നൽകാൻ ഡി.ടി.പി.സി. സമ്മതിച്ചിട്ടുണ്ടെന്നും, വരുമാന വിഹിതം പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പറയുന്നു. വരുമാന വിഹിതം പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തരിശ് നിലകൃഷി - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പദ്ധതി നം. | 161/20-21 |
| പദ്ധതി. | തരിശ് നിലകൃഷി |
| അടങ്കൽ. | 123909/- |
| ചെലവ്. | 123909/- |
| ബിൽ നം. | 31/20-21/27.3.21 |

മേൽ ബിൽ പ്രകാരം ആകെ 10 പേർക്കാണ് തുകകൾ കൈമാറിയിട്ടുള്ളത്. ഇതിൽ 6 പേരുടെ അപേക്ഷാ ഫയൽ മാത്രമേ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി നാല് പേരുടെ അപേക്ഷയും ഫയലും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ലഭ്യമാക്കിയ അപേക്ഷകളിലെ ന്യൂനതകൾ താഴെ ചേർക്കുന്നു. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം.13/15.06.22) മറുപടി ലഭിച്ചില്ല.

1) മാത്യു വർഗ്ഗീസിന് അനുവദിച്ച തുക 14000/- അപേക്ഷയിൽ ഒപ്പിട്ടിട്ടില്ല, നികുതിശീട്ടില്ല,

2) വി.എം. വർഗ്ഗീസിന് അനുവദിച്ച തുക. 7000/- അപേക്ഷക്കൊപ്പമുള്ള നികുതി ശീട്ടിൽ രേഖപ്പെടുത്തിയ 20 ആറിൽ, ഇട്ടൻ അവിരം, ശ്രീധരൻ പരമേശ്വൻ മൂത്തത് എന്നിവരുടെ പേരിലുള്ളതാണ്.

മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 നെൽകൃഷി വികസനം പദ്ധതി - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പദ്ധതി. 108/20-21, | പദ്ധതി. നെൽകൃഷി വികസനം |
| 1) ബിൽ നം. | 28/20-21 ,29.3.21. |
| 2) ബിൽ നം. | 29/20-21 ,29.3.21. |
| അടങ്കൽ | 425000- 100000 (വികസന ഫണ്ട്, 325000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 100000/- (വികസനഫണ്ട്) 106250/- (ജില്ലാ പഞ്ചായത്ത് വിഹിതം) |

മേൽ ക്രമ നം 1, 2 എന്നിവ പ്രകാരം യഥാക്രമം 78 പേർക്കാണ് നെൽകൃഷി കൂലി ചെലവ് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു. വിശദീകരണം ആവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം.14/15.06.22) മറുപടി ലഭ്യമായില്ല.

1) ഒരപേക്ഷയിലും അന്വേഷണം നടത്തേണ്ട കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃഷി ഓഫീസർ തുക അനുവദിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഉദാ. 1) ബാജി.എം എബ്രഹാം, മൂലക്കാട്ടുപുത്തൻപുരയിൽ, പെരുമ്പടം. 2) കെ.വി. ജോസഫ്, കുറ്റിപ്പറിച്ചോൽ, പെരുമ്പടം.

2) നിരവധി അപേക്ഷകളിൽ നികുതിശീട്ട് സൂക്ഷിച്ചിട്ടില്ല. ഉദാ.1)ബാജി.എം എബ്രഹാം, മാലക്കാട്ടു പുത്തൻപുരയിൽ, പെരുമ്പടം. 2)കെ.വി. കുറ്റിപ്പുരച്ചോൽ, പെരുമ്പടം.

3) വിവിധ നികുതി ശീട്ടിലെ വിസ്തീർണ്ണം കണക്കാക്കി തുക അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ഉദാ. ശാന്താ ശ്രീധരൻ, 807/-രൂപ അനുവദിച്ചു. നികുതി ശീട്ടിലെ വിസ്തീർണ്ണം 15.17 ആർ. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭൂവിസ്തൃതിക്കനുസരിച്ചായിരിക്കണം ചെലവ് തുക അനുവദിച്ച് നൽകേണ്ടത്.

4) നികുതി ശീട്ടിൽ പുരയിടമായുള്ള ഭൂമി ഉൾപ്പെടെ നിലമായി കണക്കാക്കി ആനുകൂല്യം അനുവദിച്ചു. ഉദാ. (1) പ്രിൻസ് ജോയി. അനുവദിച്ച തുക 10165/- (ബിൽ നം. 1,2 പ്രകാരം യഥാക്രമം 4853/-, 5312/- രൂപ) ടിയാന്റെ നികുതി ശീട്ട് പ്രകാരം നിലമായ സ്ഥലം 3.64,2.53,13.14 ആർ മാത്രമാണ്. (2) ശ്രീ കാർലോസ്, പെരുമ്പടം - നികുതി ശീട്ട് പ്രകാരം 46.84 ആർ സ്ഥലവും പുരയിടമാണ്.

പദ്ധതി നിർവ്വഹണത്തിലുണ്ടായ ന്യൂനതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 ആയുർവ്വേദ ആശുപത്രിയിലേക്ക് പ്രസവരക്ഷ മരുന്ന് വാങ്ങൽ - മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചത് ക്രമപ്രകാരമല്ല

| | |
|---|---|
| പദ്ധതി നം. | 18/20-21 |
| അടങ്കൽ | 200000/- (മെയിന്റെനൻസ്-നോൺ റോഡ്) |
| ചെലവ് | 200000/- |
| ബിൽ നം. | 39/20-21, 14.9.20 |
| പദ്ധതി. | പ്രസവരക്ഷ മരുന്ന് വാങ്ങൽ |

| | |
|---|---|
| നിർവ്വഹണം | ആയുർവ്വേദ ഡോക്ടർ |

മേൽ പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്ററിലെവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം. | മരുന്നിന്റെ പേര് | സ്റ്റോക്ക് രജിസ്റ്റർ പേജ് നം | തീയതി | ലഭിച്ചത് | ഇഷ്യൂ | നീക്കിയിരിപ്പ് | തെറ്റായി രേഖപ്പെടുത്തിയ നീക്കിയിരിപ്പ് | അധികം / കുറവ് Excess (E) /Short (S) |
|---|---|---|---|---|---|---|---|---|
| 1 | ധന്വന്തരം ഗുളിക | 15 | 28.02.2019 | | | 61 Pkt | | |
| | | | 19.03.2019 | | 5pkt | 56 | 78 | 22 (E) |
| 2 | നാൽപാമരാതി കേരം | 11 | 09.04.2021 | | | 38 Btl | - | - |
| | | | -- | -- | 38 | - | - | * തീയതി രേഖപ്പെടുത്താതെ ഇഷ്യൂ കാണിച്ചു. |
| 3 | ജീരകാരിഷ്ടം | 19 | 24.05.2019 | | | 162 Btl | | |
| | | | 14.10.2019 | 269 | 200 | 231 | 224 | 7 Btl (S) |
| 4 | ധന്വന്തരം കുഴമ്പ് | 23 | 26.12.2019 | | | 472 | | |
| | | | 26.12.2019 | | 200 | 272 | 172 | 100 Btl (S) |
| 5 | ഔഷധി ബേബി ഓയിൽ | 47 | 01.10.2020 | -- | -- | 74 | -- | |
| | | | 12.01.2020 | 190 | -- | -- | -- | |
| | | | 12.11.2020 | 259 | -- | 523 | 504 | 19 (S) |

1) മേൽ ക്രമ നമ്പർ 1 -ൽ 22 കുപ്പി മരുന്ന് തെറ്റായി അധികം നീക്കിയിപ്പായി കാണിച്ചു. തുടർന്ന് അവ ഇഷ്യൂ ചെയ്തിട്ടുമുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സ്റ്റോക്കിലില്ലാത്ത മരുന്നാണ് ഇഷ്യൂ കാണിച്ചിട്ടുള്ളത്.

2) ക്രമ നം 2 – ൽ തീയതി ഇല്ലാതെ ഇഷ്യൂ മാത്രം കാണിച്ചു.

3) ക്രമ നം 3 മുതൽ 5 വരെ യഥാർത്ഥത്തിൽ നീക്കിയിരിപ്പിൽ ഉണ്ടാകേണ്ട മരുന്നിനേക്കാൾ കുറഞ്ഞ അളവാണ് കാണിച്ചിട്ടുള്ളത്.

മേൽ പറഞ്ഞ അപാകത കാരണം തുടർന്നുള്ള സ്റ്റോക്കിലും മാറ്റം വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്കുള്ള (നം. 11 /15.6.22 )മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടിള്ളത്. മരുന്നുകളുടെ സബ് സ്റ്റോക്ക് സൂക്ഷിക്കാത്തതിനാൽ മറ്റ് വിശദാംശങ്ങളും പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ്റ്റോക്കിൽ കുറവ് വന്ന മരുന്നുകളുടെ വില തിരിച്ചടവാക്കേണ്ടതാണ്. അധികമായി മരുന്നുകൾ സ്റ്റോക്കിൽ ചേർത്ത് അവ ഇഷ്യൂ കാണിച്ചത് തെറ്റായ നടപടിയാണ്. ആയത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത ഇടവേളകളിൽ യഥാർത്ഥ സ്റ്റോക്കുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തി ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്റ്റോക്ക് രജിസ്റ്റർ അടുത്ത ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-17 വയോജനങ്ങൾക്ക് ആയ്യുർവ്വേദ മരുന്ന് വാങ്ങൽ പദ്ധതി -മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ അപാകതകൾ

| | |
|---|---|
| പദ്ധതി നം. | 16/20-21 |
| അടങ്കൽ | 100000/- (മെയിന്റെനൻസ്-നോൺ റോഡ്) |
| ചെലവ് | 100000/- |
| ബിൽ നം. | 38/20-21, 14.9.20 |
| പദ്ധതി. | വയോജനങ്ങൾക്ക് ആയ്യുർവ്വേദ മരുന്ന് വാങ്ങൽ |
| നിർവ്വഹണം | ആയുർവ്വേദ ഡോക്ടർ |

മേൽ പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ള അവസാന ദിവസം വരെ പരിശോധിച്ചതിൽ കണ്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ. നം. | മരുന്നിന്റെ പേര് | സ്റ്റോക്ക് രജിസ്റ്റർ പേജ് നം | തീയതി | ലഭിച്ചത് | ഇഷ്യൂ | നീക്കിയിരിപ്പ് | തെറ്റായി രേഖപ്പെടുത്തിയ നീക്കിയിരിപ്പ് | അധികം / കുറവ് Excess(E)/ Short(S) |
|---|---|---|---|---|---|---|---|---|
| 1 | അഭയാരിഷ്ടം | 68 | 06.01.22 | --- | --- | 89 Btl | --- | --- |
| | | | 03.02.22 | --- | 6 Btl | 83 Btl | 75 | 8 (S) |
| 2 | ദശമൂലാരിഷ്ടം | 72 | 06.01.2022 | --- | | 89 Btl | --- | --- |
| | | | 03.02.22 | --- | 6 Btl | 83 Btl | 75 | 8 (S) |
| 3 | ബലാരിഷ്ടം | 76 | 08.10.2020 | --- | --- | 112 | --- | --- |
| | | | 28.10.2020 | --- | 20 | 92 | 192 | 100 (E) |
| 4 | മുറിവെണ്ണ | 86 | 06.08.2020 | --- | --- | 112 | --- | --- |
| | | | 30.09.2020 | 156 | | 268 | 368 | 100 (E) |
| 5 | ക്ഷീരബലതൈലം | 55 | 30.09.2020 | --- | --- | --- | 12 | --- |
| | | | 08.10.2020 | --- | 3 | 9 | 6 | 3 (S) |
| 6 | അഗസ്ത്യരസായനം | 28 | 30.09.2020 | -- | -- | 102 | -- | -- |
| | | | 08.10.2020 | -- | 5 | 97 | 87 | 10 (S) |
| 7 | ച്യവനപ്രാശം | 24 | 30.09.2020 | -- | -- | 162 | -- | -- |
| | | | 08.10.2020 | -- | 20 | 142 | 122 | 20 (S) |

ഇത് കൂടാതെ സ്റ്റോക്ക് രജിസ്റ്ററിൽ നിരവധി സ്ഥലത്ത് കറക്ഷൻ പേന ഉപയോഗിച്ച് മായ്ക്കുകയും തിരുത്തുകയും ചെയ്തിട്ടുണ്ട്. ഉദാ. പേജ്. 24, 28, 114 .

മരുന്നുകളുടെ സബ് സ്റ്റോക്ക് സൂക്ഷിക്കാത്തതിനാൽ മറ്റ് വിശദാംശങ്ങളും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1) മേൽ ക്രമ നമ്പർ 1, 2 - ൽ 8 കുപ്പി വീതവും ക്രമ നം. 5, 6, 7 – ൽ യഥാക്രമം 3, 10, 20 കുപ്പി മരുന്നുകളും സ്റ്റോക്കിൽ കുറവ് വന്നിട്ടുണ്ട്.

തുടർന്ന് അവ ഇഷ്യൂ ചെയ്തിട്ടുമുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സ്റ്റോക്കിലില്ലാത്ത മരുന്നാണ് ഇഷ്യൂ കാണിച്ചിട്ടുള്ളത്.

2) ക്രമ നം 3, 4 – ൽ തെറ്റായി 100 കുപ്പി വീതം അധികം നീക്കിയിരുപ്പായി കാണിച്ചു. അധികമായി കാണിച്ച നീക്കിയിരിപ്പ് ഇഷ്യൂ ചെയ്തതായും കാണിച്ചിട്ടുണ്ട്. നിലവിൽ ഇല്ലാത്ത മരുന്ന് വിതരണം ചെയ്തത് എപ്രകാരമാണെന്ന് വ്യക്തമല്ല.

മേൽ പറഞ്ഞ അപാകത കാരണം തുടർന്നുള്ള സ്റ്റോക്കിലും മാറ്റം വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്കുള്ള (നം. 11/15.6.22) മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്നും സബ് സ്റ്റോക്ക് സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചതെങ്കിലും അപ്രകാരം രജിസ്റ്റർ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മരുന്നുകളുടെ സബ് സ്റ്റോക്ക് സൂക്ഷിക്കാത്തതിനാൽ മറ്റ് വിശദാംശങ്ങളും പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ്റ്റോക്കിൽ കുറവ് വന്ന മരുന്നുകളുടെ വില തിരിച്ചടവാക്കേണ്ടതാണ്. അധികമായി മരുന്നുകൾ സ്റ്റോക്കിൽ ചേർത്ത് അവ ഇഷ്യൂ കാണിച്ചത് തെറ്റായ നടപടിയാണ്. ആയത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത ഇടവേളകളിൽ യഥാർത്ഥ സ്റ്റോക്കുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതും അടുത്ത ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-18 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് (വാള്യം 1) ആർട്ടിക്കിൾ 282 (1) പ്രകാരം 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക മുതൽക്കൂട്ടേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ 2017-2018 സാമ്പത്തിക വർഷം വരെ വിവിധ ഇനങ്ങളിലായി ലഭിച്ച ഡെപ്പോസിറ്റ് തുകകളുടെ 3 വർഷ കാലാവധി പൂർത്തീകരിച്ചെങ്കിലും ടി തുകകൾ തനത് ഫണ്ടിലേക്ക മുതൽക്കൂട്ടിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 1 | സപ്ലയർ ഇ.എം.ഡി | 14300 |
| 2 | ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 8000 |
| 3 | ബിഡ്ഡേഴ്സ് ഇ.എം.ഡി | 91023 |
| 4 | സപ്ലയർ സെക്യൂരിറ്റി ഡെപ്പോസിറ്റ് | 7000 |
| 5 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 5700 |
| 6 | ഓക്ഷൻ ഡെപ്പോസിറ്റ് | 7500 |
| 7 | മറ്റ് ഡെപ്പോസിറ്റുകൾ | 114634 |
| | ആകെ | 248157 |

മേൽ പരാമർശിച്ച കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽകൂട്ടാത്തതിന്റെ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-8, 13.06.2022) ടി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു. ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-എസ്.സി (വനിത)-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം | 96/21 |
| പ്രൊജക്ടിന്റെ പേര്. | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എസ്.സി (വനിത) |
| അടങ്കൽ | 194885/-(എസ്.സി.പി.ഫണ്ട്) |
| ചെലവ് | 62500/- |
| ബിൽ നം .തീയതി | 10/20-21/26-1-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2020 – 21 ൽ 62,500/- രൂപ ആലുവയിലുള്ള കന്നുകാലി വികസന കേന്ദ്രം പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനാണ് തുക കൈമാറ്റിയത്. എന്നാൽ കൈമാറിയ മുഴുവൻ തുകയും കാര്യക്ഷമമായി വിനിയോഗിച്ചോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് കന്നുകുട്ടികൾ ചത്തു പോകുകയോ, മറ്റ് കാരണങ്ങളാൽ തുക മിച്ചം വരികയോ ചെയ്താൽ പ്രോജക്ട് ഓഫീസറുടെ പക്കൽ തുക അവശേഷിക്കാറുണ്ട്. ടി പ്രോജക്ടിൽ ഒരു ഗുണഭോക്താവിന്റെ കന്നുകുട്ടി പ്രോജക്ട് ആരംഭിച്ച് 10 മാസമായപ്പോൾ ചത്തുപോവുകയുണ്ടായി. (24 മാസമാണ് പ്രോജക്ടിന്റെ കാലാവധി). ഈ പ്രോജക്ടിനായി 1,94,885/-രൂപ (എസ്.സി.പി.ഫണ്ട്) വകയിരുത്തിയിരുന്നെങ്കിലും അതിൽ 62,500/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുക ചെലവഴിക്കാതിരുന്നതിന്റെ കാരണം അർഹരായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാലാണ് എന്നാണ് ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/10-6-22) നല്കിയ വിശദീകരണം. പ്രോജക്ട് ഓഫീസറിൽ നിന്നും ബാലൻസ് തുക ലഭ്യമാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇവയുടെ ഇൻഷ്വറൻസ് തുകയും നാളിതുവരെ ഗുണഭോക്താവിന് ലഭിച്ചിട്ടില്ല. ഇൻഷ്വറൻസ് തുക ഗുണഭോക്താവിന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-20 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചതിന്റെ വിവരം

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ

16,320/-രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ ഫീസ്, രസീത് നം, തീയതി |
|---|---|---|---|---|
| 1 | 2/20-21 | ലക്ഷ്വറി സാന്റ് കേരള (ക്വാറി) | 12 | 2880/-, 1220100618, 14.06.22 |
| 2 | 3/20-21 | ലക്ഷ്വറി സാന്റ് കേരള (ക്രഷർ) | 9 | 2160/-, 1220100616, 14.06.22 |
| 3 | 4/20-21 | നീരാക്കൽ ഗ്രാനൈറ്റ്സ് (ക്വാറി) | 6 | 1440/-, 1220100609, 14.06.22 |
| 4 | 5/20-21 | നീരാക്കൽ ഗ്രാനൈറ്റ്സ് (ക്രഷർ) | 6 | 2160/-, 1220100611, 14.06.22 |
| 5 | 6/20-21 | അസോസിയേറ്റഡ് അഗ്രിഗേറ്റ്സ് (ക്വാറി) | 10 | 3600/-, 1220100620, 14.06.22 |
| 6 | 7/20-21 | അസോസിയേറ്റഡ് അഗ്രിഗേറ്റ്സ് (ക്രഷർ) | 15 | 4080/- 1220100622, 14.06.22 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21വാർഷിക ഓഡിറ്റിന്റെ ഭാഗമായിത്തന്നെയാണ് കണക്കുകൾ പരിശോധിച്ചിട്ടുള്ളത്. | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 888040 | ലൈഫ് പദ്ധതി ജനറൽ,105/21 | 888040 | 0 |
| | 2020-21 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്,92/21 | 300000 | 0 |
| | 2020-21 | 270971 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി,188വർഷം സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി സർട്ടിഫിക്കറ്റ് നമ്പർ/തീയതി 2020-21 2020-21വാർഷിക ഓഡിറ്റിന്റെ ഭാഗമായിത്തന്നെയാണ് കണക്കുകൾ പരിശോധിച്ചിട്ടുള്ളത്./21 | 270971 | 0 |
| | 2019-20 | 622000 | ലൈഫ് പദ്ധതി ജനറൽ,106/21 | 38853 | 583147 |
| | 2018-19 | 156755 | ഖരമാലിന്യപരിപാലനം | 10867 | 145888 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 69350 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി,188/21 | 69350 | 0 |
| | | 640000 | ലൈഫ് പദ്ധതി ജനറൽ,105/21 | 640000 | 0 |
| | | 287600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്,92/21 | 287600 | 0 |
| | | 200000 | നെൽക്കൃഷി വികസനം,118/21(SO) | 200000 | 0 |
| | | 106250 | നെൽക്കൃഷി വികസനം, 108/21 | 106250 | 0 |
| | 2013-14 | 153925 | ബയോഗ്യാസ്പ്ലാന്റ്, 102/14 | 0 | 153925 |

ബ്ലോക്ക് പഞ്ചായത്ത് -യഥാർത്ഥ വരവ് ചെലവും വാർഷികകണക്കുകളിലെ തുകകളുമായി 317165/- രൂപയുടെ വ്യത്യാസം ഉണ്ട്. ലൈഫ് പദ്ധതിയുടെ വിഹിതം നേരിട്ട് റിക്വസിഷൻ ചെയ്തതിനാൽ സുലേഖയിൽ ചെലവ് രേഖപ്പെടുത്തുകയും എന്നാൽ ഇ-ബിൽ വൗച്ചർ ജനറേറ്റ് ചെയ്യപ്പെടാതിരുന്നതിനാൽ സാംഖ്യയിൽ രേഖപ്പെടുത്താൻ കഴിയാതെ പോയതിനാൽ ഉളവായ വ്യത്യാസമാണെന്ന് വിശദീകരിച്ചിട്ടുണ്ട്. (എൻക്വയറി നമ്പർ -7/13.6.22)

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പൊതു ടാപ്പ് കട്ട് ചെയ്യൽ, 7/21(N) | BRN-337738/10.7.20 | 259000 | 259000 | 0 |
| കെ.എസ്.ഇ.ബി | പോസ്റ്റ്സ്ഥാപിക്കൽ, ലൈൻഎക്സ്റ്റൻഷൻ-44ാംനമ്പർ അങ്കണവാടി 128/21(SO) | ചെക്ക്.നം-263602/20.02.21 | 32578 | 32578 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | തൻ വർഷം ലഭിച്ചത് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ലോൺ | 17/2018 /ധന തിയതി 6.3.2018 | 0 | 1619816 (1621711 +1895 പലിശ) | 1619816 | 438824* | 0 | 1180992 |

* Go Project- 179/21(219412/-രൂ), 193/21(219412/-രൂ)

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1077136 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 74002 |
| ആകെ | 1151138 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1151138 |

(2020-21)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| കേരള ഗ്രാമീൺ ബാങ്ക് ഇലഞ്ഞി | 1151138 | 454376/21.3.2021 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 5275/- രൂപ ഈടാക്കിയിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2019-20 | 1-19 | 2500 | വത്സ വിനോയി, പുത്തൻകളപുരയ്ക്കൽ | 120020104150/ 30.03.21 | ലൈസൻസ് ഫീസ് |
| | ടി | 125 | പുഷ്പനാഥൻ, ചൂണ്ടമാലിൽ | 120020104102/ 30.03.21 | ടി |
| | ടി | 2500 | വിനോയി ജോൺ പുത്തൻകളപുരയ്ക്കൽ | 120020104149/ 30.03.21 | ടി |
| | ടി | 75 | ബിജു പുത്തൻപുരയിൽ | 120020104100/ 30.03.21 | ടി |
| | ടി | 75 | ലിജു വർഗീസ് കരിയാത്ത് | 120020104049/ 30.03.21 | ടി |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48882408.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46817380.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1988-99 | 48,58 | കെ.എസ്.എ.ഇ.കെ.എം പി9/503(i) /2018/ 3.5.18 | 2 |
| 2006-07 | 2-2,3-1ബി,3-5-2, 3-10,3-14, 3-15,3-16,3-18,3-19 | കെ.എസ്.എ.ഇ.കെ.എം പി9/503(ii) /2018/3.5.18 | 9 |
| 2008-09 | 2-2,3-1,3-2, 3-3,3-4, 3-6,3-7, 3-10,3-13, 3-14-1, 3-15(എ), 3-20(1),(2) | എൽ.എഫ്.ഇ പി9/669/10/29.10.2011 | 13 |
| 2009-10& 10-11 | 2-1,2-2,2-4,3-1, 3-2,3-3, 3-4,3-6,3-7,3-8, | കെ.എസ്.എ.ഇ.കെ.എം പി9/503(iii) /2018/5.7.18 | 15 |

| | | | |
|---|---|---|---|
| | 3-9,3-11,<br>3-12,3-14,3-15 | | |
| 2011-12 | 2-5,3-5,3-7 | കെ.എസ്.എ.ഇ.കെ.എം പി9/503(iv<br>/2018/ 3.5.18 | 3 |
| 2012-13 | 2-2,3-1,3-2,<br>3-6,3-8 | കെ.എസ്.എ.ഇ.കെ.എം പി9/503(v)<br>/2018/5.7.18 | 5 |
| 2013-14<br>&2014-15 | 2-1,2-2,3-6, 3-7,<br>3-8,3-9 | കെ.എസ്.എ.ഇ.കെ.എം പി9/2150<br>/2017/30.7.18 | 6 |
| 2015-16 | 2-4,3-4,3-5,<br>3-6 | കെ.എസ്.എ.ഇ.കെ.എം പി9/2227<br>/16/12.1.17 | 4 |
| 2016-17 | 2-1, 2-2, 2-3,2-5 | കെ.എസ്.എ.ഇ.കെ.എം<br>പിജി/1071/2020 | 4 |
| 2017-18 | 2-4-1, 2-4-3,<br>2-4-4, 3-6, 3-10 | കെ.എസ്.എ.ഇ.കെ.എം<br>പിജി/1071/2020 | 5 |
| 2018-19 | 1-15,1-18,1-20,4-8 | കെ.എസ്.എ.ഇ.കെ.എം<br>പി9/509/20/ 14.9.2020 | 4 |
| 2019-20 | 1-17,1-18-1,<br>2-1,3-1,3-2 | കെ.എസ്.എ.ഇ.കെ.എം<br>പി9/509/20/ 14.9.2020 | 5 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്